**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിട്ട** | **02.03.2020 ൽ** |
| **നിയമസഭാ ചോദ്യം നമ്പർ : 27** | **മറുപടിക്ക്** |

## സി & എ.ജി റിപ്പോർട്ടിലെ കണ്ടെത്തലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ടി.ജെ. വിനോദ്<br>ശ്രീ. വി.പി. സജീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | 2018 ഒക്ടോബർ 16 ന് സി & എ.ജി. നടത്തിയ ഓഡിറ്റിൽ 25 ഇൻസാസ് റൈഫിളുകൾ കാണാനില്ലെന്ന ഗുരുതരമായ കണ്ടെത്തലുകൾ അടങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | എ) | തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ ആയുധങ്ങളുടെയും പ്രവർത്തനക്ഷമമായ കാർട്രിഡ്ജുകളുടെയും സ്റ്റോക്കിൽ കുറവ് കണ്ടതിനെക്കുറിച്ചും, "2015 സെപ്റ്റംബറിൽ രൂപീകൃതമായ ഒരു അന്വേഷണ ബോർഡിന്റെ അലംഭാവത്തോടെയുള്ള അന്വേഷണവും സെൽഫ് ലോഡിംഗ് റൈഫിളുകൾക്കുള്ള വെടിയുണ്ടകൾ നേരത്തേ കുറവു വന്ന വിവരം മൂടി വയ്ക്കാനുള്ള ശ്രമവും" സംബന്ധിച്ച് കംപട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2013-2018 കാലയളവിലെ റിപ്പോർട്ടിൽ പരാമർശമുണ്ട്. |
| ബി) | വെടിക്കോപ്പുകളിൽ വന്ന കുറവിനെ വളരെ ഗൗരവതരമായി കാണുന്നുവെന്നും ക്രൈംബ്രാഞ്ച് വഴി പ്രാഥമിക അന്വേഷണം 2019 മാർച്ചിൽ ആരംഭിച്ചുവെന്നും സർക്കാർ സി & എ.ജിക്ക് നൽകിയ മറുപടിയിൽ പറഞ്ഞിരുന്നോ എന്ന് വ്യക്തമാക്കാമോ; | ബി) | ഓഡിറ്റ് സംബന്ധമായി സി & എ.ജി നടത്തിയ എക്സിറ്റ് കോൺഫറൻസിനു മുന്നോടിയായി സർക്കാർ നൽകിയ റിപ്പോർട്ടിൽ കേസ് രജിസ്റ്റർ ചെയ്തതായും ക്രൈം ബ്രാഞ്ചിന് കൈമാറും എന്നും അറിയിച്ചിരുന്നു. |
| സി) | പ്രസ്തുത ക്രൈം ബ്രാഞ്ച് അന്വേഷണത്തിന്റെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് | സി) | ഇത് സംബന്ധിച്ച് ക്രൈം നം. 399/CB/Tvpm/R/2019 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക സംഘം അന്വേഷണം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | 17.02.2020 ൽ അന്വേഷണ സംഘം എസ്.എ.പി ക്യാമ്പിൽ നടത്തിയ പരിശോധനയിൽ 2005 മുതൽ 2016 വരെ ചീഫ് സ്റ്റോറിൽ നിന്നും എസ്.എ.പി ക്ക് നൽകിയിട്ടുള്ള 660 എണ്ണം 5.5 mm INSAS റൈഫിളുകളിൽ 647 എണ്ണം ക്യാമ്പിലും 13 എണ്ണം ഐ.ആർ ബറ്റാലിയൻ ട്രെയിനികളുടെ പരിശീലനത്തിനായി മണിപ്പൂരിലേക്ക് കൊണ്ടു പോയിട്ടുള്ളതായും കണ്ടെത്തി. അവയും വീഡിയോ കോൺഫറൻസ് മുഖേന പരിശോധിച്ച് റൈഫിളുകളൊന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ല എന്ന് ഉറപ്പിച്ചിട്ടുള്ളതുമാണ്. അതിനാൽ റൈഫിളുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന നിരീക്ഷണത്തിന് അടിസ്ഥാനമില്ല.<br>വെടിയുണ്ടകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച അന്വേഷണം കാര്യക്ഷമമായി തുടർന്നു വരുന്നു. ഡ്രിൽ കാട്രിഡ്ജുകൾ കാണാനില്ലാത്തതിനു പകരം ഡമ്മി കാട്രിഡ്ജുകൾ സ്റ്റോക്കുകളിൽ രേഖപ്പെടുത്തി സൂക്ഷിച്ചതിന് ഉത്തരവാദിയായ എസ്.എ.പി. ബറ്റാലിയനിൽ 07/2013 മുതൽ 01/2015 വരെ ക്വാർട്ടർ മാസ്റ്റർ ഹവിൽദാറായിരുന്ന ഉദ്യോഗസ്ഥനെ 26.02.2020-ന് അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. ഈ ഉദ്യോഗസ്ഥൻ ഉൾപ്പെടെ 11 പേർക്കെതിരെ വകുപ്പുതല അന്വേഷണവും നടന്നു വരികയാണ്. |
| ഡി) | സി & എ.ജി ഓഡിറ്റ് റിപ്പോർട്ടിന്റെ കണ്ടെത്തലുകൾ ആഭ്യന്തര സെക്രട്ടറി അടക്കമുള്ളവർ അംഗീകരിച്ചുവെന്ന സി & എ.ജി റിപ്പോർട്ടിലെ പരാമർശം വാസ്തവമാണോയെന്ന് അറിയിക്കാമോ; | ഡി) | നിലവിൽ ഇക്കാര്യം പരിശോധിച്ചിട്ടില്ല. |

ഇ) ഒന്നര വർഷം മുൻപ് സി & എ.ജി സർക്കാരിന്റെ മുൻപിൽ വെടിക്കോപ്പുകൾ കാണാനില്ല എന്ന വസ്തുത ഉന്നയിച്ച ശേഷം ഇതിൽ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ നൽകാമോ?

ഇ) ഇത് സംബന്ധിച്ച് പേരൂർക്കട പോലീസ് സ്റ്റേഷനിൽ ക്രൈം നം.763/2019 (u/s 403,409,420,424,468,479) പ്രകാരം ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ് ഊർജ്ജിത അന്വേഷണത്തിനായി ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും തുടർന്ന് ക്രൈം നം.399/സി.ബി/തിരു/ ആർ/2019 പ്രകാരം ക്രൈം ബ്രാഞ്ചിലെ പ്രത്യേക അന്വേഷണസംഘം അന്വേഷണം നടത്തി വരുന്നതും ടി കേസിൽ ഒരു പോലീസ് ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. കേസിൽ ക്രൈം ബ്രാഞ്ച് അന്വേഷണം തുടർന്നു വരുന്നു.

ഇതിനുപുറമേ എസ്.എ.പി ബറ്റാലിയൻ കമാണ്ടന്റ്, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്. ആംഡ് പോലീസ് ബറ്റാലിയൻ മുമ്പാകെ 21.02.2019 ൽ സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുരുതരമായ കൃത്യവിലോപവും ഉത്തരവാദിത്തമില്ലായ്മയും, അശ്രദ്ധയും കാട്ടിയതായി കണ്ടെത്തിയ 11 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ 1958 ലെ കെ.പി.ഡി.ഐ.പി & എ റൂൾ പ്രകാരം വിശദമായ ഒരു വാച്യാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ എ.ഡി.ജി.പി എ.പി ബറ്റാലിയന്റെ ഉത്തരവ് പ്രകാരം കെ.എ.പി 3-ാം ബറ്റാലിയൻ കമാണ്ടന്റിനെ വകുപ്പുതല അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിരുന്നു.

സെക്ഷൻ ഓഫീസർ